## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2459**      **08.12.2015-ൽ മറുപടിയ്ക്ക്**

### പട്ടികവർഗ്ഗമേഖലയിലെ സഹകരണ സംഘങ്ങൾ

**ചോദ്യം**
**ശ്രീ.സി.കെ.സദാശിവൻ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സഹകരണ മേഖലയിലെ എസ്.ടി സംഘങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | ബി) | ഉണ്ട്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുകയും അവയുടെ മൂല്യവർദ്ധനവിലൂടെ ഉത്പന്നങ്ങളാക്കി മാറ്റി അവയുടെ വിപണനം ലക്ഷ്യം വച്ച് കൊണ്ടുള്ള നടപടികളും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് എസ്.സി/എസ്.ടി ഫെഡറേഷന്റെ സഹായത്തോടെ ചെയ്ത് വരുന്നു. ഇതിനായി ഫെഡറേഷന് ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ഫെഡറേഷന്റെ പ്രവർത്തനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിരീക്ഷണത്തിലാണ് നടന്നു വരുന്നത്. |
| സി) | പ്രസ്തുത സംഘങ്ങൾ വഴി പട്ടികവർഗ്ഗ മേഖലയിൽ ഏതെല്ലാം തരത്തിൽ സഹായമെത്തിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്; | സി) | പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾ സംസ്കരിച്ച് വിപണിയിൽ എത്തിക്കുന്നതിനും, മൂല്യവർദ്ധനവിലൂടെ കൂടുതൽ മാർക്കറ്റ് കണ്ടെത്തുന്നതിനും അധികമായി ശേഖരിക്കുന്ന |

| | | | |
|---|---|---|---|
| | | | ഉത്പന്നങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ/വെയർഹൗസ് നിർമ്മിച്ച് ഗുണമേന്മ നഷ്ടപ്പെടാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ഫെഡറേഷൻ വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ടി സംഘങ്ങൾ വഴി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിലും ഉപജീവനമാർഗ്ഗങ്ങളും ലഭ്യമാക്കുന്നതിന് ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം സഹകരണ വകുപ്പ് ഓഹരി സബ്സിഡി ഇനങ്ങളിലായി ധനസഹായം ലഭ്യമാക്കുന്നുണ്ട്.<br>1. റിവൈവൽ സ്കീം പരമാവധി 6 ലക്ഷം രൂപ വരെ<br>2. സർക്കാർ ഓഹരി മൂലധനം പരമാവധി 4 ലക്ഷം രൂപ വരെ .<br>3. റിവോൾവിംഗ് ഫണ്ട് പരമാവധി 5 ലക്ഷം രൂപ വരെ<br>4. കമ്പ്യൂട്ടർ പരിശീലന കോഴ്സ് നടത്തുന്നതിന് പരമാവധി 5 ലക്ഷം രൂപ വരെ<br>5. സംഘം കെട്ടിട പുനഃരുദ്ധാരണ ഗ്രാന്റ് പരമാവധി 5 ലക്ഷം രൂപ വരെ<br>6. സംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡിയായി ഒരു വർഷം 60,000/- രൂപ. |
| ഡി) | പട്ടികവർഗ്ഗക്കാർക്ക് സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സംഘങ്ങൾക്ക് നല്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) | പട്ടികവർഗ്ഗ സംഘങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് മുൻകൂറായി തന്നെ പ്രവർത്തന മൂലധനത്തിനുള്ള തുക അനുവദിച്ചു വരുന്നു. ഈ തുക ഉപയോഗിച്ച് വനവിഭവ ശേഖരണം കാര്യമായി നടത്തുവാനും, മൂല്യവർദ്ധിത |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ആയത് സംഭരിച്ച് ഫെഡറേഷൻ വഴി വിറ്റഴിക്കുന്നതിനും സംഘങ്ങൾക്ക് കഴിയുന്നു. ഇപ്രകാരമുള്ള സഹായങ്ങൾ സംഘങ്ങൾക്ക് നൽകാൻ സാധിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്രസർക്കാരിൽ പദ്ധതി സമർപ്പിക്കുകയും ഇതിന്റെ ഫലമായി 2.12 കോടി രൂപ 2014-15-ൽ അനുവദിയ്ക്കുകയും ചെയ്തു. സംഘങ്ങളുടെ പ്രവർത്തനത്തിനായി 7.50 കോടി രൂപയുടെ പ്രൊപ്പോസൽ സഹകരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ